RCS/4673/2018-FIN (2)

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം 15.11.2019

## സർക്കുലർ നമ്പർ. 46/19

വിഷയം : സഹകരണ വകുപ്പ് - ഫിനാൻസ് - എൻ.സി.ഡി.സി കുടിശ്ശികൾ പിരിച്ചെടുക്കുന്നത് - സംബന്ധിച്ച്

സൂചന : 1. സഹകരണ സംഘം രജിസ്ട്രാറുടെ 25.03.2015 ലെ 15/2015 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 10.08.2015 ലെ 38/2015 നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 15.11.2018 ലെ 59/2018 നമ്പർ സർക്കുലർ

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി പദ്ധതികൾ പ്രകാരം അനുവദിക്കുന്ന വായ്പ, ഓഹരി എന്നിവ സംഘങ്ങൾ യഥാസമയം തിരിച്ചടയ്ക്കാത്തതിനാൽ കുടിശ്ശികകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. എൻ.സി.ഡി.സി സർക്കാരിന് വായ്പയായി അനുവദിക്കുന്ന തുകയാണ് സഹകരണ സംഘങ്ങൾക്ക് വായ്പയായും, ഓഹരിയായും നൽകിവരുന്നത്. ടി തുക സർക്കാർ പലിശ സഹിതം എൻ.സി.ഡി.സി -ക്ക് കൃത്യമായി തിരിച്ചടയ്ക്കുന്നു. എന്നാൽ സഹകരണ സംഘങ്ങൾ എൻ.സി.ഡി.സി പദ്ധതികൾ പ്രകാരം ലഭിക്കുന്ന തുക യഥാസമയം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാത്തത് സർക്കാരിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു. സർക്കാർ ഇത് ഗൗരവമായാണ് വീക്ഷിക്കുന്നത്.

മേൽ സാഹചര്യത്തിൽ എൻ.സി.ഡി.സി കുടിശ്ശികൾ പിരിച്ചെടുക്കുന്നതിന് 20.11.2019 മുതൽ 20.12.2019 വരെയുള്ള ഒരു മാസ കാലയളവിൽ കളക്ഷൻ ഡ്രൈവ് സംഘടിപ്പിച്ച് പരമാവധി തുകകൾ പിരിച്ചെടുക്കേണ്ടതാണ്. കളക്ഷൻ ഡ്രൈവ് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. എൻ.സി.ഡി.സി പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള ധനസഹായങ്ങളിൽ കുടിശ്ശിക ആയ എല്ലാ തുകകളും കളക്ഷൻ ഡ്രൈവിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കേണ്ടതാണ്. 31.10.2019 ലെ എൻ.സി.ഡി.സി കുടിശ്ശിക അടിസ്ഥാനമാക്കി ടാർജറ്റ് നിശ്ചയിക്കേണ്ടതാണ്. 31.10.2019 ലെ കുടിശ്ശികയിൽ നിന്നും റവന്യൂ റിക്കവറിയ്ക്ക് ശുപാർശ ചെയ്ത തുകകൾ ഒഴിവാക്കിയശേഷമുള്ള തുക കളക്ഷൻ ഡ്രൈവിനുള്ള ടാർജറ്റ് ആയി നിശ്ചയിക്കേണ്ടതാണ്.
2. ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ കളക്ഷൻ ഡ്രൈവ് കാലയളവിൽ പരമാവധി തുകകൾ പിരിച്ചെടുക്കുന്നതിന് താലൂക്ക് തലത്തിൽ ടാർജറ്റ് നിശ്ചയിച്ച് നൽകേണ്ടതും, ആയതിന്റെ പുരോഗതി ആഴ്ചതോറും വിലയിരുത്തേണ്ടതുമാണ്.
3. നിരന്തരം ആവശ്യപ്പെട്ടിട്ടും തുക അടയ്ക്കാത്ത സംഘങ്ങളിൽ നിന്നും ആയത് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കളക്ഷൻ ഡ്രൈവിന്റെ പുരോഗതി റിപ്പോർട്ട് ഇതോടൊപ്പമുള്ള പ്രൊഫോർമകളിൽ 31.12.2019 നകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

എൻ.സി.ഡി.സി ധനസഹായങ്ങളുടെ തിരിച്ചടവ് കാര്യക്ഷമമായി വീക്ഷിക്കുന്നതിന് ധനസഹായം സംബന്ധിച്ച രജിസ്റ്ററുകൾ കാലാനുസൃതമായി സൂക്ഷിക്കേണ്ടതുണ്ട്. ആയതിന് നിരവധി സർക്കുലർ നിർദ്ദേശങ്ങൾ ഈ ആഫീസിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും ആയത് കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നാണ് വർദ്ധിച്ചുവരുന്ന കുടിശ്ശികകൾ തെളിയിക്കുന്നത്. ആയതിനാൽ രജിസ്റ്ററുകൾ കാലാനുസൃതമായി സൂക്ഷിക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ഉറപ്പുവരുത്തേണ്ടതാണ്.

എൻ.സി.ഡി.സി ധനസഹായങ്ങളിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ആഡിറ്റ് ചുമതല വഹിക്കുന്ന വിവിധ തസ്തികയിലുള്ള കൺകറന്റ് ആഡിറ്റർമാർ ടി സംഘങ്ങളിൽ നിന്നും തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ ജനറൽ വിഭാഗത്തോടൊപ്പം ചേർന്ന് സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിലുള്ള പുരോഗതി ആഡിറ്റ് ഡയറക്ടർ വിലയിരുത്തേണ്ടതാണ്.

എൻ.സി.ഡി.സി പദ്ധതികൾ പ്രകാരമുള്ള ധനസഹായങ്ങൾ തുടർന്നും സംഘങ്ങൾക്ക് ലഭിക്കുന്നതിന് എൻ.സി.ഡി.സി കുടിശ്ശികകൾ പൂർണ്ണമായും പിരിച്ചെടുക്കേണ്ടതുണ്ട്. ആയതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആഡിറ്റ് വിഭാഗം ജനറൽ വിഭാഗവുമായി സഹകരിച്ച് പരമാവധി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
ഡോ.പി.കെ ജയശ്രീ. ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1.സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2.ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളും
3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളും
4.എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5.എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
(ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
6.എഡിറ്റർ, സഹകരണ വീഥി
7.വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിൻ)

## എൻ.സി.ഡി.സി കളക്ഷൻ ഡ്രൈവ് - പുരോഗതി റിപ്പോർട്ട്
## പ്രൊഫോർമ എ

ജില്ല:

| ഇനം | | 31.10.2019 ലെ കുടിശ്ശിക * | റവന്യു റിക്കവറിയ്ക്ക് ശുപാർശ ചെയ്ത തുക | ടാർജറ്റ് | കളക്ഷൻ (20.11.19 മുതൽ 20.12.19 വരെ) | % |
|---|---|---|---|---|---|---|
| 1 | | 2 | 3 | 4(2-3) | 5 | 6(5/4*100) |
| NCDC വായ്പ | മുതൽ | | | | | |
| | പലിശ | | | | | |
| | പിഴപ്പലിശ | | | | | |
| NCDC ഓഹരി | മുതൽ | | | | | |
| | പിഴപ്പലിശ | | | | | |
| | ഡിവിഡന്റ് | | | | | |
| ആകെ | | | | | | |

* ഈ ആഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള (ഫിൻ(2)8845/18, തീയതി.31.10.2019) എൻ.സി.ഡി.സി ധനസഹായങ്ങളുടെ 31.10.2019 വരെയുള്ള സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരങ്ങളുമായി പൊരുത്തപ്പെടേണ്ടതാണ്

## പ്രൊഫോർമ ബി

| സംഘത്തിന്റെ പേര് | ഇനം (വായ്പ, ഓഹരി, പലിശ, പിഴപ്പലിശ, ഡിവിഡന്റ് ) | 20.11.19 മുതൽ 20.12.19 വരെയുള്ള കളക്ഷൻ വിവരങ്ങൾ | | | | |
|---|---|---|---|---|---|---|
| | | തുക | ശീർഷകം | ചെലാൻ നമ്പർ | തീയതി | ട്രഷറിയുടെ പേര് |
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |